(സി) ഈ ചികൽസാ ധനസഹായത്തെ സംബന്ധിച്ച നിബന്ധനകളെ സംബന്ധിച്ച് ഈ വിഭാഗം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് ബോധവൽക്കരണം നടത്താൻ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) 1585 പേർക്ക് ചികിൽസാ ധനസഹായ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

(ബി) 6425911 രൂപ ചെലവായി

(സി) നടപടികൾ കൈകൊണ്ടിട്ടുണ്ട്.

8 (1812) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള ക്രൂരകൃത്യങ്ങൾ തടയുന്നതിനുള്ള നടപടി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കെതിരെയുള്ള ക്രൂരകൃത്യങ്ങൾ തടയുന്നതിനുള്ള നിയമപ്രകാരം ഈ ഗവൺമെന്റ് എത്ര കേസ്സ് എടുത്തിട്ടുണ്ട്;

(ബി) ഈ നിയമപ്രകാരം കേസ്സെടുക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഈ നിയമപ്രകാരം എടുത്ത കേസ്സുകളുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2543 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്:

(സി) ഈ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് കേരള സർക്കാർ പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. ഇതനുസരിച്ച് അതിക്രമങ്ങൾക്ക് വിധേയരാക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ജില്ലാ കളക്ടർ ചെയർമാനായുള്ള ഒരു ജില്ലാതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതിക്രമങ്ങൾ സംബന്ധിച്ച കേസ്സുകൾ അവലോകനം ചെയ്യുന്നതിനും പുരോഗതി നിരീക്ഷിക്കുന്നതിനും പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ ഡി.ഐ.ജി യുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ സെൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുറ്റകൃത്യങ്ങൾ കൂടുതൽ ഉണ്ടാകാനിടയുള്ള സ്ഥലങ്ങളിൽ പ്രത്യേക സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഉണ്ട്. വയനാട് ജില്ലയിൽ പോലീസ് വകുപ്പിന്റെ ഒരു സ്പെഷ്യൽ സ്ക്വാഡ് മാനന്തവാടി ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു. അതിക്രമങ്ങൾ ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതി

LIBRARY ARCHIVES Kerala Legislative Assembly

നാൽ ഇതിന്റെ പ്രവർത്തനം തുടങ്ങിയശേഷം അതിക്രമങ്ങൾ ഗണ്യമായി കുറഞ്ഞുവരുന്നു.

9 (1813) പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുവാനുള്ള നടപടി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ. ബാബു :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തെ ലാക്കാക്കി എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന എത്ര സംഘങ്ങൾ ഉണ്ട്;

(സി) നല്ല രീതിയിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം പരിപാടികളുണ്ട്;

(ഡി) കാര്യക്ഷമമായ പ്രവർത്തനം നടത്താതെ ക്ഷയിച്ചുപോയ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുവാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) 101 സംഘങ്ങൾ

(ബി) 18 എണ്ണം

(സി) പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ടി സംഘങ്ങളിലെ ഭരണസമിതി അംഗങ്ങൾക്കും സെക്രട്ടറിമാർക്കും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽ പരിശീലനം നൽകിവരുന്നു. ഇതുകൂടാതെ പട്ടികജാതി-പട്ടികവർഗ്ഗ ഫെഡറേഷനോട് അഫിലിയേറ്റ് ചെയ്യപ്പെട്ടതും നല്ല രീതിയിൽ പ്രവർത്തിക്കുന്നതുമായ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് തൊഴിലധിഷ്ഠിത വായ്പ, ചെറു വന വിഭവങ്ങളുടെ ശേഖരണത്തിനുള്ള വായ്പ എന്നിവ നൽകിവരുന്നു.

(ഡി) പ്രവർത്തനക്ഷമമാക്കാൻ പറ്റുന്ന സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിച്ചുവരുന്നു.

10 (1814) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ വികസന അസന്തുലിതാവസ്ഥ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര ഉദ്യോഗസ്ഥർ ഉണ്ടെന്നും അവർ ഏതൊക്കെ പട്ടികവിഭാഗത്തിൽപ്പെടുന്നവർ

LIBRARY ARCHIVES Kerala Legislative Assembly